വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, 2010 നവംബർ മാസം 30-ന് കൂടിയ വൈൽഡ്‌ലൈഫ് ബോർഡിന്റെ യോഗം കേരളത്തിൽ പുതിയതായി മൂന്ന് വൈൽഡ്‌ലൈഫ് സാങ്ച്വറീസ് ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ജനങ്ങളുടേയും കൃഷിക്കാരുടേയും താൽപ്പര്യങ്ങളെയൊന്നും ബാധിച്ചു കൂടെന്ന് ഇപ്പോൾ തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വൈൽഡ്‌ലൈഫ് സാങ്ച്വറീസ് ആയി പ്രഖ്യാപിക്കാനിടയുള്ള സ്ഥലം മുഴുവൻ വയനാട് വനം ഡിവിഷന്റെ കീഴിലുള്ള ഹിൽഡ് വനം റിസർവ്വിലെ സ്ഥലവും അതുപോലെ വികസന സ്ഥലവുമാണ്. ഈ സ്ഥലങ്ങളിൽ ഒരിടത്തുപോലും ജനവാസമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അവിടെയുള്ള ഒരു ആദിവാസി കോളനിയിൽ ആറ് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പുറത്തുള്ള ആദിവാസി കുടുംബങ്ങളേയും കൃഷിക്കാരേയും ഒന്നും ബാധിക്കാത്ത വിധത്തിലായിരിക്കും ചെയ്യാൻ പോകുന്നത്. ഏറ്റവും അടുത്ത ദിവസം അവിടെ എംഎൽഎ.-യുടേയും പഞ്ചായത്തിന്റെയും യോഗം വിളിച്ചുകൂട്ടി ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും കേട്ട് പരിഹാരം ഉണ്ടാക്കിയിട്ടേ മുൻപോട്ട് പോകാവൂ എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വൈൽഡ് ലൈഫ് ബോർഡിന്റെ യോഗത്തിലും ഇത് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് എം.എൽ.എ. പറഞ്ഞ എല്ലാ വിഷയങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും മുന്നോട്ട് പോകുന്നത്. ജനങ്ങൾക്കാർക്കും ആശങ്കയുടെ യാതൊരു കാര്യവും ഇല്ല എന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

(9) ഒരു വീട്ടുനമ്പരിൽ വ്യത്യസ്ത റേഷൻ കാർഡുകൾ

ശ്രീ. പി. എം. എ. സലാം: കോഴിക്കോട് തെക്കേപ്പുറത്ത് പണ്ട് കാലംമുതൽ നൂറും നൂറ്റൻപതും ആളുകൾ ഒരുമിച്ച് താമസിച്ചിരുന്ന വലിയ തറവാട് വീടുകൾ ഉണ്ട്. ഇന്നും ആ തറവാട് വീടുകൾ നിലനിൽക്കുന്നുണ്ട്. സാമ്പത്തികഭദ്രതയുള്ളവരൊക്കെ അവിടെനിന്ന് മാറിപ്പോയിട്ടുണ്ട്. എന്നാലും പഴയ വലിയ തറവാട് വീടുകളിൽ ഒന്നിലേറെ കുടുംബങ്ങളാണ് ഇപ്പോഴും താമസിച്ചുകൊണ്ടിരിക്കുന്നത്. അവരൊക്കെ മാറിപ്പോകാൻ സാമ്പത്തിക നിവൃത്തിയില്ലാത്ത പാവങ്ങളാണ്. പല കുടുംബങ്ങൾ ഒരു വീട്ടിലാണ് താമസിക്കുന്നതെങ്കിലും അവർക്ക് വെവ്വേറെ അടുക്കളയും വിവിധ രീതിയിലുള്ള ജീവിത നിലവാരങ്ങളുമാണ്. ഇക്കാലമത്രയും ഓരോ കുടുംബത്തിനും വെവ്വേറെ റേഷൻ കാർഡുകളുണ്ടായിരുന്നു ഇലക്ട്രിക് കണക്ഷനുണ്ട്. വാട്ടർ മീറ്ററുകളും വേറെയാണ്. എന്നാൽ ഇപ്പോൾ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ ഒരു വീട്ട് നമ്പറിൽ ഒരു കാർഡ് അനുവദിക്കാനേ കഴിയൂ എന്ന് പറഞ്ഞുകൊണ്ട് ഇവരുടെ റേഷൻ കാർഡിനുള്ള അപേക്ഷകൾ തള്ളപ്പെടുകയാണ്. വ്യത്യസ്ത അടുക്കളകളിൽ ഭക്ഷണം പാകം ചെയ്യുന്നവർ ഒരു റേഷൻ കാർഡിൽ റേഷൻ വാങ്ങേണ്ടി വരുന്ന അവസ്ഥ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് അവിടെ സൃഷ്ടിച്ചിട്ടുള്ളത്. ഈ കുടുംബങ്ങളുടെ പ്രവേശന കവാടം ഒന്നായതുകൊണ്ട് ഒറ്റ വീട്ട് നമ്പരേയുള്ളൂ. ഒരു വീട്ട് നമ്പറിൽ ഒന്നിലധികം കാർഡുകൾ പുതിയ കംപ്യൂട്ടർ സംവിധാനത്തിൽ ഇഷ്യൂ ചെയ്യപ്പെടാൻ സാധിക്കുന്നില്ല എന്നാണ് സിവിൽസപ്ലൈസ് അധികൃതർ പറയുന്നത്. നേരത്തെ ഉണ്ടായിരുന്ന നിതി ഇവിടെ നിഷേധിക്കപ്പെടുകയാണ്. ഓരോ കുടുംബത്തിനും വെവ്വേറെ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഇത് കുറച്ച് പ്രായോഗിക ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ്. എങ്കിലും ഗവൺമെന്റ് അത് അനുഭാവപൂർവ്വമാണ് പരിശോധിക്കുന്നത്. കോഴിക്കോട് നഗരത്തിൽ തറവാടു വീടുകളിൽ ഒരുമിച്ച് താമസിക്കുന്ന വ്യത്യസ്ത കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നിലവിൽ സ്വന്തം പേരിൽ റേഷൻ കാർഡ് ഇല്ലാത്തതോ അഥവാ മറ്റെങ്കിലും റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തതോ ആയ വ്യക്തികൾക്കും കുടുംബങ്ങൾക്കുമാണ് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത്. സാധാരണഗതിയിൽ പ്രത്യേകം വീടുകളിൽ താമസിക്കുന്നവർക്കാണ് റേഷൻകാർഡിന് അർഹതയുള്ളത്. ഒരു കുടുംബത്തിന് ഒരു റേഷൻകാർഡ് മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഒരു കൂരയ്ക്കു കീഴിൽ പ്രത്യേകം അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു കഴിയുന്നവരെ പ്രത്യേകം കുടുംബമായി കണക്കാക്കി പ്രത്യേകം റേഷൻ കാർഡ് അനുവദിക്കുന്നതിന് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 2 (11) പ്രകാരം തടസ്സമില്ല. അതിനാൽ ഇപ്രകാരം തറവാട് വീടുകളിൽ താമസിക്കുന്ന വ്യത്യസ്ത കുടുംബങ്ങൾക്ക് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 8-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം അന്വേഷണ വിധേയമായി റേഷൻ കാർഡ് അനുവദിച്ചു നൽകുന്നതായിരിക്കും.

(10) ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ നഷ്ടപരിഹാരം

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ മാസം കാലം തെറ്റി വന്ന കാലവർഷം സംസ്ഥാനത്തുടനീളവും പ്രത്യേകിച്ച് മലയോര പ്രദേശങ്ങളിൽ നിരവധി നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്റെ നിയോജക മണ്ഡലത്തിൽ മാത്രം 20 സ്ഥലങ്ങളിലാണ് ഉരുൾ പൊട്ടിയത്. ജില്ലാകളക്ടറും ഞാനും പല സ്ഥലങ്ങളിലും ചെന്നപ്പോൾ കടന്നു ചെല്ലാൻ കഴിയാത്തവിധം റോഡുകൾ പൂർണ്ണമായും ഒലിച്ചു പോയിരിക്കുകയാണ്. 856 അപേക്ഷകളാണ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് ഉരുൾപൊട്ടിയ സ്ഥലങ്ങളിൽനിന്ന് മാത്രം കിട്ടിയത്. പതിനഞ്ചു കോടിയോളം രൂപയുടെ നഷ്ടം എന്റെ നിയോജക മണ്ഡലത്തിൽ മാത്രം വിവിധ സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തുടനീളം പത്ത് നിയോജക മണ്ഡലങ്ങളിലാണ് വ്യാപകമായിട്ടുള്ള നാശനഷ്ടം ഉരുൾ പൊട്ടലിനെത്തുടർന്ന് ഉണ്ടായിരിക്കുന്നത്. ഏകദേശം നൂറ് കോടിയോളം രൂപയുടെ നഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണമെന്നും ധനസഹായം നൽകാൻ ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ പ്രകൃതിക്ഷോഭംമൂലം ഈ വർഷം സംസ്ഥാനത്ത് 940.5 കിലോമീറ്റർ ഗ്രാമീണ റോഡുകൾ തകർന്നിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡിന് പുറമേ ഗ്രാമീണ റോഡുകളും തകർന്നതിന്റെ കണക്ക് ഇനിയും കൂടി വരികയാണ്. പല സ്ഥലത്തുനിന്നും റിപ്പോർട്ടുകൾ ഇപ്പോഴും വരുന്നുണ്ട്. പരിമിതമായ ഫണ്ടിൽ നിന്നുകൊണ്ട് മുഴുവൻ പരിഹാരം കാണാൻ കഴിയുന്നതല്ല. ഇത് കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭ തന്നെ

LIBRARY ARCHIVES Kerala Legislative Assembly